## ഉള്ളടക്കം

ആമുഖം

പൊതു ലക്ഷ്യങ്ങൾ

പ്രവർത്തനങ്ങൾ

പ്രവർത്തന ലക്ഷ്യങ്ങൾ

ക്ലാസ് തല പ്രവർത്തനങ്ങൾ

ഉപസംഹാരം

# ആമുഖം

കാസർഗോഡ് ജില്ലയിലെ ബേക്കൽ ഉപജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിലെ ഒരു വിദ്യാലയമാണ് ജി.എൽ.പി. സ്കൂൾ അരമങ്ങാനം. 1981 ലാണ് ഈ വിദ്യാലയം സ്ഥാപി തമായത്. എന്നാൽ ഈ അടുത്ത കാലത്താണ് ഭൗതിക സൗകര്യത്തിൽ കുറച്ചെങ്കിലും മുന്നേറാനായത്. ആധുനിക സൗകര്യത്തോടു കൂടിയ മൂന്ന് ക്ലാസ് മുറികൾ ഈ വിദ്യാല യത്തിനുണ്ട്. ഈ സൗകര്യങ്ങൾ മറ്റ് രണ്ട് ക്ലാസ് മുറികളി ലും കൂടി ഒരുക്കേണ്ടതുണ്ട്.

വിശാലമായ കളിയസ്ഥലം, ചുറ്റുമതിൽ,പാചകപ്പുര തുടങ്ങി യ സൗകര്യങ്ങൾ ഈ വിദ്യാലയത്തിനുണ്ട്. പ്രധാനധ്യാപ നടക്കം നാല് സ്ഥിരം അധ്യാപകരുമുണ്ട്. 2025-26 അധ്യയ ന വർഷം 1 മുതൽ 4 വരെ ക്ലാസുകളിലായി 60 കുട്ടികളാണു ള്ളത്. പരിമിതികളും പ്രയാസങ്ങളും ഏറെയുണ്ടെങ്കിലും അവയെല്ലാം ഫലപ്രദമായി പരിഹരിച്ചു കൊണ്ട് കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ വേണ്ട പ്രവർത്തനങ്ങളാണ് ഈ അക്കാദമിക്ക് മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നത്.

## പൊതുലക്ഷ്യങ്ങൾ

➢ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തും.

➢ കുട്ടികളുടെ സർഗ്ഗപരവും അക്കാദമികപരവും കായികപരവുമായ കഴിവ്പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായനേട്ടങ്ങൾ ഉണ്ടാക്കി ഉത്തമ പൗരന്മാരാക്കി മാറ്റും.

➢ മുഴുവൻ കുട്ടികളേയും എഴുതാനും വായിക്കാനും പ്രാപ്തരാക്കൽ

➢ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ളകഴിവ് ഉറപ്പുവരുത്തും.

➢ വിവര സാങ്കേതികവിദ്യയുടെ പരമാവധി സാധ്യതകൾ പ്രയോജനപ്പെടുത്തി മികച്ചപഠനാന്തരീക്ഷം ഉറപ്പുവരുത്തും.

➢ പൊതുപരീക്ഷയായ എൽ.എസ്.എസിലും മറ്റ് മത്സരപരീക്ഷകളിലും വിജയംകൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കും.

➢ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർഥികൾക്ക് പ്രത്യേകപഠനാന്തരീക്ഷംഒരുക്കും മികച്ച സാമൂഹികപങ്കാളിത്തത്തോടെ സ്കൂളിനെ മികവിന്റെപാതയിലേക്കുയർത്തും.

➢ പോഷകസമൃദ്ധമായ ഉച്ചഭക്ഷണം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തും.

➢ സ്കൂളിലെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തംഉറപ്പാക്കുന്നതിന് ക്ലാസ് പിടിഎ കൾ ശക്തിപ്പെടുത്തും.

➢ ദിനാചരണങ്ങൾ കേവലം ആചരണങ്ങളാക്കാതെ ഓരോ ക്ലാസിനും അനുയോജ്യമായ പഠന പ്രവർത്ത നങ്ങളാക്കുക. അവയിൽ ഇംഗ്ലീഷ് പ്രവർത്തനങ്ങളും ഉൾപ്പെടുത്തണം.

ഒന്നാം തരം

ജി.എൽ.പി.എസ് അരമങ്ങാനത്ത് 2025-26 സാധ്യായവർഷം ഒന്നാം ക്ലാസിൽ 10 കുട്ടികൾപഠിക്കുന്നു. ഈ വർഷം ഒന്നാം ക്ലാസിൽ ചേർന്ന കുട്ടികൾക്ക് ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മപദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ ഒന്നാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാകുന്നതിനു വേണ്ടിയാണ്.

➔ ഒന്നാം ക്ലാസ്സ് പഠനം പൂർത്തിയാകുമ്പോഴേക്കും താൽപര്യമുള്ള പുസ്തകങ്ങൾതിരഞ്ഞെടുത്തു  വായിക്കാനും വായനാനുഭവങ്ങൾ പങ്കുവയ്ക്കാനും കുട്ടിക്ക്കഴിയണം.

➔ എഴുത്തുശേഷി വികസിപ്പിക്കൽ

പ്രവർത്തനങ്ങൾ

1.ചിത്രവായന

കഥാപാത്രങ്ങൾ, സംഭവങ്ങൾ എന്നിവയടങ്ങിയചിത്രങ്ങൾ വായിക്കുന്നു.

2.കാർഡുകളി

അക്ഷരകാർഡുനൽകി പദങ്ങൾ ഉണ്ടാക്കിവായിക്കൽ, പദങ്ങൾ ചേർത്തുവെച്ച്അർത്ഥപൂർണ്ണമായ വാക്കുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.

3.വായനക്കൂട്ടം:

കുട്ടികൾക്കനുയോജ്യമായ ലൈബ്രറി പുസ്തകം തിരഞ്ഞെടുത്ത് അധ്യാപികയുംകുട്ടികളും ഒരുമിച്ചിരുന്ന് വായിക്കുന്നു.

4.കഥപറയൽ മത്സരം

കഥ,കവിത മത്സരങ്ങൾ സംഘടിപ്പിക്കുന്നു. കഥയുടെ ബാക്കിഭാഗം പൂർത്തിയാക്കൽ,കവിതപൂരണം ചിത്രം കഥയാക്കിമാറ്റൽ

5.ഭാഷാകേളി:

കളികളിലൂടെ ഭാഷാപഠനം സാധ്യമാക്കും

6.കഥകേൾക്കാം

ICT സാധ്യതകളുപയോഗിച്ച് കഥ, കവിത കേൾക്കുന്നു.

7.വായനകാർഡ് നിർമ്മാണം

ചിത്രം നൽകി ലഘുവാക്യങ്ങൾ എഴുതുന്നു.

8.ആഭരണമണിയിക്കാം

ചിഹ്നങ്ങൾ ചേർക്കാതെ വാക്യങ്ങൾ നൽകുന്നു. ചിഹ്നങ്ങൾ അണിയിക്കുന്നു.

9.ബാലസഭ:

കഥ, കവിത, ആംഗ്യപ്പാട്ട്, ഇവ ബാലസഭയിൽ
അവതരിപ്പിക്കുന്നു.

## പരിസരപഠനം

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ശാസ്ത്രപ്രവർത്തനങ്ങളിലൂടെ തന്നെകടന്ന് പോകണം. ശാസ്ത്രീയമായ അറിവ് കുട്ടികളിൽ ഉണർത്തിയെടുക്കേണ്ടത് അനിവാര്യമാണ്. ശാസ്ത്രീയ തലത്തിലൂടെ കുട്ടി കടന്നു പോകുമ്പോൾ പരിസരവുമായി ഇണങ്ങി ചേരുവാനും സാധ്യമാകുന്നു. പരിസരവുമായി ഇഴുകി ചേർന്ന്പഠിക്കുന്നതും ജീവിക്കുന്നതും നല്ലൊരുമനോഭാവമാണ്. ചെറിയ
ക്ലാസിൽ നിന്ന് തന്നെകുട്ടി ശാസ്ത്രീയവശങ്ങൾ മനസിലാക്കി നിഗമനങ്ങളും, പരീക്ഷണങ്ങളും, കണ്ടെത്തലുകളും നടത്തി ശാസ്ത്രബോധം വളർ ത്തിയെടുക്കേണ്ടത് അത്യന്താപേഷിതമായകാര്യമാണ്.

## പ്രവർത്തന ലക്ഷ്യങ്ങൾ

* ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകളുണ്ടെന്ന് പറയുന്നു.
* വിവിധതരം സസ്യങ്ങൾ (വലിയ മരങ്ങൾ/ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്ത)കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
* സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്,

കായ് തുടങ്ങിയ ഭാഗങ്ങളുണ്ടെന്ന് നിരിക്ഷിച്ച് കണ്ടെത്തുന്നു.
ചിത്രീകരിക്കുന്നുവിശദമാക്കുന്നു.

* നിരീക്ഷിച്ചും അനുഭവത്തിന്റെ അടിസ്ഥാനത്തിലും മഴക്കാലത്ത് ചുറ്റുമുണ്ടാകുന്നമാറ്റങ്ങളെ കുറിച്ച് തന്റേതായ ആശയങ്ങൾ വിവിധ രീതികളിൽ അവതരിപ്പിക്കുന്നു.
(ചിത്രീകരണം, അനുഭവം പറയൽ, പരിസരനിരീക്ഷണം)
പതിപ്പുകൾ തയ്യാറാക്കുന്നു.

* പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, പ്രയോജനം, ചെറുത്/വലുത്, ഒറ്റയായത്/ കുലയായത്)(മണമുള്ളത് / ഇല്ലാത്തത് ) പട്ടികപ്പെട്ടു ത്തുന്നു.
നിഗമനം രൂപീകരിക്കുന്നു.

* നിറം, രുചി, മണം, വലുപ്പം, ആകൃതി എന്നീവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന്കണ്ടെത്തി പട്ടികപ്പെടുത്തുന്നു.

* സസ്യങ്ങൾ, പൂക്കൾ, പഴങ്ങൾ എന്നീവ യുടെ പേരുകൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു.

* പഴങ്ങൾ കഴിക്കുന്നത് ആര്യോഗ്യത്തിന് നല്ലതാണെന്ന് മനസിലാക്കുന്നു.

* ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

* ലഘു നിരീക്ഷണ പ്രോജക്ടുകൾ ചെയ്യുന്നു. (സസ്യങ്ങൾ, പഴങ്ങൾ, എന്നിവയിലെവൈവിധ്യം, വിത്തുമുളച്ച് ഇലകൾ വരാനെടുക്കുന്നദിവസങ്ങൾ നിരീക്ഷിച്ച് കണ്ടെത്തി നിഗമനത്തിൽ എത്തിചേരൽ.)

* വിത്ത്, ഇല, പൂക്കൾ തുടങ്ങിയവ ശേഖരി ക്കുകയും ക്രമീകരിച്ച് പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

ജൂൺ

* പ്രകൃതിനടത്തം.

* പരിസ്ഥിതിദിന പവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കൽ വൃക്ഷത്തൈ നടൽ.

ജൂലൈ

* ചുറ്റുപാടുമുള്ള മരങ്ങൾ, ചെടി കൾ നിരീക്ഷിക്കൽ തിരിച്ചറിയൽ.

* തിരിച്ചറിഞ്ഞവ പട്ടികപ്പെടുത്തൽ

* പ്രകൃതി നടത്തം- സസ്യങ്ങളെ നിരീക്ഷി ക്കുന്നു പേരുകൾ കണ്ടെത്തുന്നു പറയുന്നു.എഴുതുന്നു

* സ്കൂൾ പൂന്തോട്ടനിർമ്മാണം

രണ്ടാം ക്ലാസ്സ്

ജി.എൽ.പി.എസ് അരമങ്ങാനത്ത് 2025-26 അധ്യയനവർഷം രണ്ടാം ക്ലാസിൽ 19 കുട്ടികൾപഠിക്കുന്നു. ഈ വർഷം രണ്ടാം ക്ലാസിൽ എത്തിയ കുട്ടികൾക്ക് രണ്ടാം ക്ലാസിലെ എല്ലാശേഷികളും ലഭിച്ചു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ഓരോ വിഷയത്തിലും ആസൂത്രിതമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ്ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈവിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസർ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാകുന്നതിനു വേണ്ടിയാണ്.

**വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ**

➢മുഴുവൻകുട്ടികളുംസ്വായത്തമാക്കിയവാക്കുകൾ ഉപയോഗിച്ച്ലഘുബാലസാഹിത്യകൃതികൾവായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.

➢ രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എഴുത്ത്തുടരുകയും കുട്ടികൾ സ്വതന്ത്രരചയിതാക്കൾആവുകയും ചെയ്യും.

➢ സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.

➢ കുട്ടികൾ സ്വയം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് അറിവ് നിർമാണ പ്രക്രിയകളിലൂടെ പഠനനേട്ടങ്ങൾ കൈവരിക്കുന്നു.

➢ സംഖ്യാബന്ധങ്ങൾ ,സംഖ്യാ വ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. രീതി വിശദീകരിക്കുന്നു .

## പ്രവർത്തന ലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു. ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു. കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു

## പ്രവർത്തന ഘട്ടങ്ങൾ

- അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു.

( മെയ് അവസാനം)

- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

• CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും
(ജൂൺ ആദ്യവാരം)

• കുട്ടിയും രക്ഷിതാവും ചേർന്നവായന ആരംഭിക്കുന്നു
(ജൂൺ)

• തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.

• രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു. (ഓരോ ടേമിലും)

• കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ച പ്രകാശനം നടത്തുന്നു.

• വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.

ചുമതല

ക്ലാസ് ടീച്ചർ,പി.ടി.എ. പ്രധാനാധ്യാപകൻ

സാമ്പത്തികം

എസ്. എസ്. കെ. പി.ടി.എ

## സംയുക്ത ഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട്എഴുതുന്നതിന്

സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽരചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും.

## ലക്ഷ്യങ്ങൾ

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു. ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

## പ്രവർത്തനഘട്ടങ്ങൾ

* സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെനിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു.

* ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിൻ്റെ ഘടനയെ പരിചയപ്പെടുത്തുന്നു.

* രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)

* എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. ജൂൺ മുതൽ ആരംഭിക്കുന്നു.

* ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.

* കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.

* സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.

* എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി)

ചുമതല

ക്ലാസ് ടീച്ചർ,പി.ടി.എ. പ്രധാനാധ്യാപകൻ

സാമ്പത്തികം

എസ്. എസ്. കെ. പി.ടി.എ

**പാട്ടരങ്ങ്**

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ

വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു.പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലുംഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ട തുണ്ട്.ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന്പരിപാടി യാണ് പാട്ടരങ്ങ്.ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ  പാട്ടരങ്ങി ലൂടെ കഴിയും.

ലക്ഷ്യങ്ങൾ

* താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളുംഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്ക്കരിക്കുകയും ചെയ്യുന്നു.
* ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
* ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻകഴിയുന്നു.

* ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവുംസജീവവുമാകുന്നു.

പ്രവർത്തന ഘട്ടങ്ങൾ

* പാഠ്യരംഗിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)

* ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)

**സചിത്ര പുസ്തകം**

2024-25 വർഷത്തിൽ രണ്ടാം ക്ലാസിലെ 8 യൂണിറ്റുകളും സചിത്ര പാഠ്യരൂപത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഉദ്ഗ്രഥിതപ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്.. പ്രവർത്തന നടത്തിപ്പിൽ അധ്യാപികയും വിദ്യാലയവും നേരിട്ട പ്രയാസങ്ങളെ മറികടന്ന്പുതുമാതൃകകൾ വികസിപ്പിക്കാൻ നമുക്ക് കഴിയണം. പുതിയ അക്കാദമിക വർഷത്തിൽഎല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്ര പാഠപ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്ന തിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

## ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്രപുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.

* എല്ലാ കുട്ടികൾക്കും സചിത്രപുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.

* കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.

* പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥനസാധ്യത ഉറപ്പുവരുത്തുന്നു.

സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർത്തൃയോഗങ്ങൾ, വിലയിരുത്തൽ (എല്ലാ മാസവും)

വർക്ക് ഷീറ്റ് വിതരണം - എല്ലാ പാഠഭാഗത്തിന്റെ അനുബന്ധിച്ച്

ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ

സാമ്പത്തികം

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ

# റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

## ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തീയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു .
* രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
* പാഠപുസ്തകങ്ങളിലെയും ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
* ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ

* റീഡേഴ്സ് തിയേറ്റർ എസ്. ആർ. ജിയിൽ ആശയം പങ്കിടൽ (2025 ജൂൺ)

* ക്ലാസ്. പി. ടി. എ. യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പ് വരുത്തൽ (2025 ജൂൺ മൂന്നാം വാരം)

* ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2025 ജൂലൈ രണ്ടാം വാരം)

* എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2025 ജൂലൈ -2026 മാർച്ച്)

* മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾതല പ്രവർത്തനങ്ങളിൽ അവതരിപ്പിക്കാൻ അവസരം (2025 ജൂലൈ 2026 മാർച്ച്)

* ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2025 മാർച്ച് രണ്ടാം വാരം)

ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ

സാമ്പത്തികം

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ

# ക്ലാസ് പത്രം

രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ് പത്രം.ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ് പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിന്റെഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം . ഒരു പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താൻ ഇതിലൂടെ നേടാൻ സാധിക്കും.

## ലക്ഷ്യങ്ങൾ

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.

* രചനാ ശേഷി പരിപോഷിപ്പിക്കുന്നു..

* വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു

* സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.

* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവു നേടുന്നു.

* കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെപറയാനും എഴുതാനും കഴിയുന്നു.

* പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.

* ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

## പ്രവർത്തനഘട്ടങ്ങൾ

* ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു.(ജൂലൈ അവസാനം )

* ക്ലാസ് പിറ്റി എ യിൽ പദ്ധതി അവതരിപ്പിക്കുന്നു, പിന്തുണ ഉറപ്പാക്കുന്നു. ജൂലൈ അവസാനം)

* കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്താ രൂപത്തിൽ എഴുതുന്നു.

* ഉചിതമായ ഫോട്ടോകൾ / ചിത്രങ്ങൾ ഉൾപ്പെടു ത്തുന്നു.

* അധ്യാപികയുടെ നേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.

* ക്ലാസിൽ പത്രം തയ്യാറാക്കൽ (ആഗസ്റ്റ് ആദ്യവാരം)

* അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു.

* ഓരോ മാസവും ഓരോന്ന് പ്രസിദ്ധീകരിക്കുന്നു

* രചനോത്സവത്തിൽ പ്രദർശനം, അവതരണം

* വിശേഷാവസരങ്ങളിൽ പ്രത്യേക പതിപ്പ് തയ്യാറാക്കുന്നു.

* ഭാഷോത്സവത്തിൽ പ്രദർശനവും അവതരണവും നടത്തുന്നു.

## രചനോത്സവം

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാൻ രണ്ടാം ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്, സംഭാഷണം,വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് രണ്ടാം കാസിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.

* കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

* രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു.

* സി.പി.ടി.എ.യിൽ രചനോത്സവം പ്രവർത്തന ആവശ്യമായ പിന്തുണ ഉറപ്പുവരുത്തൽ.

* കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച് 2026)

ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ

സാമ്പത്തികം

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ

==========================================

ക്ലാസ് 3

**ഗണിതം**

മൂന്നാം ക്ലാസിലെ കുട്ടി ഒന്ന്, രണ്ട് ക്ലാസിലെ അറിവുകൾ സ്വായത്ത മാക്കി വ്യക്തമായ ധാരണയോടും, ശേഷികൾ കൈവരിച്ചവരുമാണ്. ആയതിനാൽ കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങൾക്ക് തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടിയിരിക്കുന്നത്. ഭാഷ, പരിസരപഠനം, ഗണിതം, ഇംഗ്ലീഷ്, എന്നീ വിഷയങ്ങൾക്ക് പ്രധാന്യം നൽകുന്ന കർമ പദ്ധതി രൂപ കല്പനചെയ്യേണ്ടത്. കുട്ടികളിൽ തുല്യതയും ഗുണ

നിലവാരമുള്ള തുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം കൊണ്ട് പൂർത്തിയാക്കേണ്ടത്.

ലക്ഷ്യങ്ങൾ

* ഗണിത പഠനം ഉല്ലാസപ്രദവും കൗതുക കരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.

* മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹരണ ശേഷി-യുള്ളവരാക്കി മാറ്റുക.

പ്രവർത്തനങ്ങൾ

ജൂൺ

* രണ്ടക്ക സംഖ്യകൾ വായിക്കാനും എഴുതാനും വേണ്ട പ്രവർത്തനങ്ങൾ

* രണ്ടസംഖ്യകളെ വിവിധ രീതിയിൽ വ്യാഖ്യാനിക്കൽ

* രണ്ടക്കസംഖ്യകൾ ഉപയോഗിച്ചുള്ള സങ്കലന വ്യവകലനക്രിയകൾ.

ജൂലൈ

* പണം നിക്ഷേപിക്കുന്ന പ്രവർത്തനം

* ക്ലാസിൽ ഒരുകട, സ്കൂളിലൊരുകട പ്രവർത്തനങ്ങൾ

* പട്ടിക പൂർത്തിയാക്കൽ.

* മൂന്നക്കസംഖ്യകളുടെ വ്യാഖ്യാനം . 10 മുതൽ 200 വരെ

* 100 വീതം കൂട്ടി 1000 വരെ എഴുതുന്നു.

ആഗസ്റ്റ്

* ഒരു മൂന്നക്ക സംഖ്യയുടെ മുൻപിൻ സംഖ്യകൾ എഴുതൽ

* ഗണിത വിജയം പ്രവർത്തനങ്ങൾ സജ്ജമാക്കൽ.
സെപ്റ്റംബർ
* ഗണിത ശിൽപ്പശാല, മഞ്ചാടി, ഈർക്കിൽ എന്നിവ ഉപയോഗിച്ച് 3 അക്കസംഖ്യക്കൂട്ടങ്ങൾ
* സ്ഥാനവില പോക്കറ്റ്
* വിവിധതരം ഗണിതകളികളിൽ ഏർപ്പെടൽ.
ഒക്ടോബർ
* 3 അക്ക മുള്ള സംഖ്യകൾ വ്യാഖ്യാനിക്കുന്നു.
* ഗണിത വിജയ പ്രവർത്തനങ്ങൾക്ക് സാധ്യമാക്കൽ.
* കൂടുതൽ ഗണിത തന്ത്രങ്ങൾ ഉപയോഗിക്കൽ
* work sheet പ്രവർത്തനങ്ങൾക്ക് സാധ്യതയൊരുക്കൽ
* ഗണിതാശയ രൂപികരണങ്ങൾ നടത്തുന്നു.
നവംബർ
* 3 അക്ക സംഖ്യകൾ (അബാക്കസ്, കളിനോട്ട്) സ്ഥാനവിലയിൽ അറിവ് വർദ്ധിപ്പിക്കൽ
ഡിസംബർ
* അക്കങ്ങൾ ആവർത്തിക്കാതെ വ്യത്യസ്തത 3 അക്ക സംഖ്യകൾ ഉണ്ടാക്കൽ
* കളിനോട്ടുകളുടെ ഉപയോഗം കൂടുതൽ ഉപകാര പ്പെടുത്തൽ.
ജനവരി

* സംഖ്യാക്കൂട്ടങ്ങളിൽ നിന്ന് വലിയ സംഖ്യ ചെറിയ സംഖ്യ എന്നിവ കണ്ടെത്തുന്നു.

* ഗണിതകേളികളിൽ ഏർപ്പെടുന്നു.

* ചതുഷ്ക്രിയാ (പ്രവർത്തനങ്ങൾ ഉറപ്പാക്കൽ.

ഫെബ്രുവരി

* 3 അക്ക സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു.

* ഗുണനിലാവാര പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തൽ.

മാർച്ച്

* മൂന്നക്ക സംഖ്യകൾ ഉപയോഗിച്ചുള്ള പ്രശ്നപരിഹരണ പ്രവർത്തനങ്ങൾ

# ഗവ.എൽ.പി.സ്കൂൾ അരമങ്ങാനം

# അക്കാദമിക്ക്

# മാസ്റ്റർ പ്ലാൻ 2025-26

.